ഓവർലാപ് ചെയ്യുത്തക്കവിധത്തിൽ വളരെ കൂടുതൽ സൊസൈറ്റികൾ ധൃതിയായിട്ട് രജിസ്റ്റർ ചെയ്തു. ഇഷ്ടമുള്ള ആളുകളെ വിളിച്ച്, ആ വിധത്തിൽ സൊസൈറ്റി രജിസ്റ്റർ ചെയ്തു കൊടുത്തതായി ഗവൺമെൻറിന് അറിയാമോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ അത് പ്രത്യേകമായി എൻറെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഞാൻ പരിശോധിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ പ്രാവശ്യം കിട്ടിയ വളരെ കൂടുതൽ തുക കയർവ്യവസായത്തിൻറെ പുനരുദ്ധാരണത്തിനോ കയർ വ്യവസായം ശരിയാക്കുന്നതിനോ വേണ്ടിയല്ല ഉപയോഗിച്ചതെന്നും ചില പ്രത്യേക വ്യക്തികളെ സഹായിക്കാനാണ് ഉപയോഗിച്ചതെന്നും പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ?

ശ്രീ. ഇ. അഹമ്മദ്: അങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ സംഘങ്ങൾക്കുള്ള സഹായം. സഹകരണ സംഘങ്ങളുടെ അപേക്ഷയനുസരിച്ച്, അതിനുള്ള നോംസ് അനുസരിച്ച്, എലിജിബിലായ സഹകരണസംഘങ്ങൾക്കാണ് കൊടുത്തിട്ടുള്ളത്. കേന്ദ്രഗവൺമെൻറിൻറെ സഹായ പദ്ധതി ഗവൺമെൻറ് ഫലപ്രദമായി നടപ്പാക്കുന്നുണ്ട്. സഹകരണസംഘത്തിൻറെ മറ പിടിച്ചുകൊണ്ട് ആരെങ്കിലും അത് ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ ഗവൺമെൻറ് അത് തീർച്ചയായും അന്വേഷിക്കും.

ശ്രീ. എ. വി. താമരാക്ഷൻ: സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് കയർ വ്യവസായസഹകരണസംഘം ലൂംസ് വാങ്ങിക്കുന്നതിന് മാത്രമാണ് സഹായം ലഭിക്കുന്നത്. ലൂംസ് വാങ്ങിക്കുന്നതിന് സഹായം ലഭിച്ചെങ്കിലും സ്ഥലവും കെട്ടിടവും വാങ്ങിക്കാൻ പണം കിട്ടിയിട്ടില്ല. സ്ഥലവും കെട്ടിടവും വാങ്ങിക്കാൻ പണം കിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. അഹമ്മദ്: കേന്ദ്രഗവൺമെൻറ് കോവോപ്പറേറ്റീവ് സ്കീമുകൾക്കുള്ള സഹായം ചില പ്രത്യേക ഇനങ്ങളായി തിരിച്ചിട്ടുണ്ട്. ഓഹരി എടുക്കാനുള്ള സഹായം, മാനേജീരിയൽ സബ്സിഡി, വിദ്യാഭ്യാസശാലകൾ തുറക്കുന്നതിനുള്ള സബ്സിഡി, റാട്ട്, ലൂംസ് മറ്റു ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് മൂന്നിൽരണ്ടുഭാഗം ലോണും മൂന്നിലൊന്ന് ഭാഗം ഗ്രാൻറും. കെട്ടിടം ഈ സ്കീമിൽ വരികയില്ല.

എം. ഐ. ജി., എൽ. ഐ. ജി. ഭവന നിർമ്മാണ വയ്പാപദ്ധതി

*(260) ശ്രീ. കെ. ശങ്കരനാരായണപിള്ള:
,, പി. വിജയദാസ്:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജില്ലാ കലക്ടർമാർ മുഖേന നടപ്പാക്കിയിരുന്ന എം. ഐ. ജി., എൽ. ഐ. ജി. വിഭാഗങ്ങളിൽപ്പെട്ട ഭവനനിർമ്മാണ വായ്പാ പദ്ധതി ഇപ്പോഴും ഗവൺമെന്റ് തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1983-84, 1984-85 സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി എത്ര സംഖ്യ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 1985-86 സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) എം. ഐ. ജി. വിഭാഗത്തിൽ 1983-84-ൽ 29.35 ലക്ഷം രൂപയും 1984-85-ൽ 30.68 ലക്ഷം രൂപയും ചെലവഴിച്ചു. എൽ. ഐ. ജി. വിഭാഗത്തിൽ 1983-84-ൽ 19 ലക്ഷം രൂപയും 1984-85-ൽ 22.75 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) 1985-86 സാമ്പത്തികവർഷത്തിൽ എം. ഐ. ജി. വിഭാഗത്തിലും എൽ. ഐ. ജി. വിഭാഗത്തിലും 10 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഈ ഭവനനിർമ്മാണ വായ്പാ പദ്ധതിയിലേക്ക് വാർഷിക ബഡ്ജറ്റിൽപ്പെടുന്ന തുക ഇനത്തിൽ കവിഞ്ഞ് മറ്റ് ഏതെങ്കിലും ഏജൻസിയോ കേന്ദ്രഗവൺമെന്റോ ഇതിനുള്ള സഹായം നൽകുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ഇപ്പോൾ നൽകുന്നില്ല. എന്നാൽ ഹൗസിങ് ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷനിൽനിന്നും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പ ഏർപ്പെടുത്തിക്കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: കെട്ടിടനിർമ്മാണ സാമഗ്രികളുടെയെല്ലാം വിലവർദ്ധനവുമൂലം നിർമ്മാണച്ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് വായ്പാപദ്ധതിയനുസരിച്ച് കിട്ടുന്ന തുകകൊണ്ട് വീട് പൂർത്തിയാക്കാൻ കഴിയുകയില്ല. അതുകൊണ്ട് വായ്പ അനുവദിക്കുന്നതിന്റെ തോത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ഇപ്പോഴത്തെ പരിമിതമായ തുക മാത്രമേ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. മറ്റ് ഏജൻസികളും ഈ രംഗത്തേയ്ക്ക് കൊണ്ടുവരികയാണെങ്കിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അവർക്ക് റീപേ ചെയ്യാനുള്ള കഴിവിന്റെ അടിസ്ഥാനത്തിൽ ഈ തുക വർദ്ധിപ്പിച്ചുകൊടുക്കാൻ കഴിയുന്നതാണ്.

ശ്രീ. പി. വിജയദാസ്: ഈ വിഭാഗത്തിന് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ എത്രശതമാനമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: പലിശ എട്ടുശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയദാസ്: ഓരോ ജില്ലകളിലും ഇതിനുവേണ്ടി കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിശോധിച്ച് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അപേക്ഷകളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ അത്ര എളുപ്പമാണെന്ന് തോന്നുന്നില്ല. അതു കൊണ്ടാണ് ധനകാര്യസ്ഥാപനങ്ങളെ ഈ കാര്യത്തിനുവേണ്ടി സമീപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഈ ലോണിന്റെ അനുവാദം കിട്ടിയതിനെതുടർന്ന് താമസിച്ചിരുന്ന വീടുകൾ പൊളിച്ച് ചെറിയ കൂരയുണ്ടാക്കിയിട്ട് ആ സ്ഥലത്ത് കെട്ടിടനിർമ്മാണം തുടങ്ങി. ഒന്നാം ഇൻസ്റ്റാൾമെന്റ് കിട്ടിയതിനുശേഷം അഞ്ചും ആറും വർഷമായിട്ടും രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് കിട്ടാത്തതുകൊണ്ട് ആ പുരയിൽപോയി താമസിക്കാൻ പറ്റാത്ത അനേകായിരം ആളുകൾ ഉണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ പഴയ സ്ഥലത്തെങ്കിലും പുനരധിവസിപ്പിക്കാനുള്ള വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ആകെ എത്ര തുകയുണ്ടെന്ന് നോക്കാതെ വീടുകൾക്ക് അനുവാദം കൊടുത്തതുകൊണ്ട് ഇങ്ങനെയൊരു കുഴപ്പം ഉണ്ടായിട്ടുണ്ട്. ഈവർഷം ജില്ലാകളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം കൊടുത്തിരിക്കുകയാണ് തുടങ്ങിവച്ച വീടുകൾ പൂർത്തിയാക്കിയിട്ട് പുതിയ വീടുകൾക്ക് അനുവാദം കൊടുത്താൽമതിയെന്ന്.

ശ്രീ. എ. സി. ഷൺമുഖദാസ്: കഴിഞ്ഞ സാമ്പത്തികവർഷത്തിൽ അമ്പത്തിരണ്ടുലക്ഷംരൂപയാണ് എൽ.ഐ.ജി., എം.ഐ.ജി. സ്കീമിനുവേണ്ടി ചെലവഴിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് പത്തുലക്ഷം രൂപയേ നീക്കിവച്ചിട്ടുള്ളുവെന്നാണ്. അതിന്റെ യർത്ഥം ഈ ഗവൺമെന്റ് റീപേമെന്റിൽ മാറ്റ് ഏത് ഭവനനിർമ്മാണ വായ്പയെക്കാൾ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സുരക്ഷിതമായ ഈ സ്കീമിൽനിന്ന് പിന്നോട്ടുപോവുകയാണ്. ഇതിന് സംഖ്യ കുറച്ചുമാത്രം നീക്കിവയ്ക്കാനുള്ള കാരണം എന്താണെന്ന് പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: രണ്ടുവിഭാഗത്തിനും ഇരുപതുലക്ഷംരൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇത് അപര്യാപ്തമാണെന്ന് ഗവൺമെന്റിനു അറിയാം. മൊത്തത്തിലുള്ള സാമ്പത്തിക ബുദ്ധിമുട്ടിന്റെ വെളിച്ചത്തിൽ ഇതിനും കുറഞ്ഞുപോയതാണ്.

ശ്രീ. കെ. പി. രാമൻ: എൽ. ഐ. ജി., എം. ഐ. ജി. പ്രകാരമുള്ള വീടുകൾക്കുവേണ്ടി ഓരോ ജില്ലയ്ക്കും അലോട്ടു ചെയ്യുന്ന സംഖ്യയ്ക്ക് വ്യത്യാസം കാണുന്നുണ്ട്. ഓരോ ജില്ലയ്ക്കും അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഓരോ ജില്ലയ്ക്കും സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ പ്രകാരം എത്ര വീടുകളാണ് 1984-85-ൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ അനുസരിച്ച് കൊടുത്തതിന്റെ പ്രത്യേകമായ വിവരം ഇതിനകത്തില്ല. ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൊടുത്തു കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: 1985-86-ൽ മിഡിൽ ഇൻകം ഗ്രൂപ്പ് ഹൗസിങ് സ്കീമിനും ലോ ഇൻകം ഗ്രൂപ്പ് ഹൗസിങ് സ്കീമിനും വേണ്ടി പത്തുലക്ഷംരൂപ മാറ്റിവെച്ചുവെന്ന് പറഞ്ഞു. അതിൽ എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്; എത്രലക്ഷം രൂപചെലവായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: ഈവർഷം കൊടുത്തിരിക്കുന്ന നിർദ്ദേശം ഞാൻ പറയുകയുണ്ടായി. ബഹുമാനപ്പെട്ട ഷൺമുഖദാസ് ഇവിടെ പറഞ്ഞ പരാതി വളരെ ശക്തിയായി വന്നു. കഴിഞ്ഞ തവണ ഒന്നും രണ്ടും ഗഡുക്കൊടുത്തിട്ട് ബാക്കി കൊടുക്കാത്തതുകൊണ്ട് ആ വീട് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആ ഗഡുക്കൊടുത്തുതീർത്തതിനുശേഷം പുതിയ വീടുകൊടുക്കാൻ അനുവാദം കൊടുത്താൽമതിയെന്ന നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

(ചോദ്യം 261 എടുത്തില്ല.)

19.9.1985-ലെ കെ. എസ്. ആർ. ടി. സി. പണിമുടക്ക്

* [262] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, സി. വാസുദേവമേനോൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്റ്റംബർ 19-ാം തീയതി മുതൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ തൊഴിലാളികൾ അനിശ്ചിതകാലത്തേക്ക് പണിമുടക്കുമെന്ന് കാണിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികളാണ് ഇപ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്;

(സി) പണിമുടക്കിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) പണിമുടക്ക് ഒഴിവാക്കുന്നത് സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി സർക്കാർ കൂടിയാലോചന നടത്തിയോ;

(ഇ) ഇല്ലെങ്കിൽ അപ്രകാരം ഒരു കൂടിയാലോചനയ്ക്ക് ഉദ്ദേശ്യമുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ):

(എ) ഉണ്ട്

(ബി) കെ. എസ്. ആർ. ടി. സി. യിലെ 14 അംഗീകൃത യൂണിയനുകളിൽ 12 യൂണിയനുകളും കെ. എസ്. ആർ. ടി. സി.

LIBRARY ARCHIVES Kerala Legislative Assembly